# SGLPS മുണ്ടോലപുരം

# അക്കാദമിക മാസ്റ്റർപ്ലാൻ

## 2025-26

# ലക്ഷ്യങ്ങൾ

* എൽ.കെ.ജി മുതൽ നാലാം ക്ലാസ്സ് വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനാവുന്ന പ്രവർത്തനകലണ്ടറും രൂപപ്പെടുത്തൽ.

* പാരിസ്ഥിതിക സൗഹൃദവും, ആരോഗ്യകരമായ മത്സരാപേക്ഷിത വളർത്തുന്നു.

* സാങ്കേതികമായ മാറ്റങ്ങളെ നിരീക്ഷിച്ചു വിമർശനാത്മകമായി വിലയിരുത്തുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്നു.

* പഠിച്ച കാര്യങ്ങളെ ദൃശ്യവത്കരിക്കാനുള്ള കഴിവുകൾ നേടാൻ പ്രാപ്തരാക്കുന്നു.

* അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തലസൗകര്യം വർദ്ധിപ്പിക്കുക.

* ശാസ്ത്രീയരുചി വളർത്താനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.

* ഫീൽഡ്ട്രിപ്പ് നടത്തുന്നു. വിനോദയാത്രകൾ സംഘടിപ്പിക്കുന്നു.

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| വായന | പ്രീ ടെസ്റ്റ് | ജൂൺ |
| മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ | ക്ലാസ്സ് ലൈബ്രറി വികസനം | അധ്യയന വർഷം മുഴുവൻ |
| | ക്ലാസ്സ് ലൈബ്രറി ആകർഷകമാക്കൽ | ജൂൺ |
| | അമ്മ വായന<br>അമ്മമാരുടെ വായനക്കുറിപ്പുകൾ CPTA കളിൽ അവതരിപ്പിക്കുന്നു. | അധ്യയന വർഷം മുഴുവൻ |
| | വായനാകാർഡുകൾ തയാറാക്കൽ | ജൂൺ - ജൂലൈ |
| ലേഖനം<br>വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുക.<br>അക്ഷരം തെറ്റു കൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാവ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക. | |
| | ജൂൺ 5 പരിസ്ഥിതി ദിനം | ജൂൺ |
| | പോസ്റ്റർ<br>ജൂൺ 19 വായനാദിനം വായനാവാരം | ജൂൺ |
| | ആഗസ്റ്റ് 6 ഹിരോഷിമ ദിനം | ആഗസ്റ്റ് |
| | പോസ്റ്റർ<br>ആഗസ്റ്റ് 9 നാഗസാക്കി ദിനം | ആഗസ്റ്റ് |

| | | |
|---|---|---|
| | ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം | |
| | സെപ്റ്റംബർ 5 അധ്യാപക ദിനം<br>പഴയകാല അധ്യാപകരുമായി<br>അഭിമുഖം | സെപ്റ്റംബർ |
| | ഒക്ടോബർ 2 ഗാന്ധിജയന്തി<br>കുറിപ്പ് തയ്യാറാക്കൽ | ഒക്ടോബർ |
| | ഒക്ടോബർ 10 ദേശീയ തപാൽ<br>ദിനം<br>കൂട്ടുകാരനൊരു കത്ത് | ഒക്ടോബർ |
| | നവംബർ 1 കേരളപ്പിറവി<br>പ്രസംഗം<br>നവംബർ 14 ശിശുദിനം | നവംബർ |
| സർഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ<br>വ്യവഹാര രൂപങ്ങൾ<br>അവതരിപ്പിക്കൽ<br>വേദി - CPTA | അധ്യയന വർഷം മുഴുവൻ |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| ചതുരം, വൃത്തം ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു. | പ്രീ ടെസ്റ്റ്<br>ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം എന്നിവ നിർമ്മിക്കുന്നു. | ജൂൺ<br>ജൂൺ ജൂലൈ |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാ പാറ്റേണുകൾ<br>• നാണയങ്ങൾ, കറൻസിനോട്ടുകൾ<br>• പാറ്റേണുകൾ (ഗണിത ക്ലബ്ബ്) | ആഗസ്റ്റ്<br>ആഗസ്റ്റ് |
| എല്ലാ കുട്ടികളും സംഖ്യാബോധം ഉണ്ടാക്കുക. | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്റ്റംബർ. |
| സങ്കലന-വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | • മന: കണക്കുകൾ<br>• നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. | ഒക്ടോബർ-നവംബർ |
| ഗുണന വസ്തുതകൾ നേടൽ | മന: കണക്കുകൾ<br>മഞ്ചാടിക്കടി | ഡിസംബർ-ജനുവരി |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ. | നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ.<br>ഐ.സി.ടി വിഭവങ്ങൾ ഉപയോഗിച്ച് പ്രവർത്തനങ്ങൾ | ഫെബ്രുവരി-മാർച്ച്. |

## പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| നമ്മുടെ ചുറ്റുപാടിനെക്കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം. | സസ്യങ്ങളെ തരംതിരിക്കൽ<br>പ്രകൃതി നടത്തം - പഠനം.<br>വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം. | ജൂൺ, ജൂലൈ |
| പ്രകൃതി സംരക്ഷണം. | ∘ മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക.<br>∘ മഴക്കുഴി നിർമ്മാണം<br>∘ വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമ്മസേനക്ക് കൈമാറൽ | ആഗസ്റ്റ്-സെപ്റ്റംബർ. |
| വ്യക്തി ശുചിത്വം | കൈ കഴുകൽ - പരിശീലനം<br>പോസ്റ്റർ നിർമ്മാണം<br>ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ | സെപ്റ്റംബർ-ഒക്ടോബർ. |

# English

| Aims | Activities | Duration |
|---|---|---|
| To study alphabets | * Pre Test<br>* Write simple words | June - July |
| To study, write and read simple words | Circle the word from TB and read | August - Septe-mber |
| Create more opportunities for english speaking in the class room. | Class room communication should be in English, like May I drinks some water? May I Go to bathroom?<br><br>* Hello<br>* Hello, everyone.<br>* Good morning.<br>* Good morning everyone.<br>* Good morning class.<br>* Good Afternoon everyone.<br>* How are you?<br>* How are you all?<br>* How are you today?<br>* Let me take attendance etc. | Academic year |

പ്രവർത്തനം-1

പ്രവർത്തനത്തിന്റെ പേര്: ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല: ഇംഗ്ലീഷ് ഭാഷാപഠനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ രണ്ട് ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ. ഓരോ ക്ലാസുകൾക്കും ഇതിന് ചുമതല നൽകൽ. | ആഴ്ചയിൽ രണ്ട് ദിവസം. |

പ്രവർത്തനം: 2

പേര്: ഇംഗ്ലീഷ് കോർണർ

ഉപമേഖല: ഇംഗ്ലീഷ് പഠനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം. |
|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് കാർട്ടൂൺ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ദിനത്തിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കാനുള്ള ബോർഡുകൾ സ്ഥാപിക്കൽ | പ്രതിമാസ പരിപാടി. |

പ്രവർത്തനം-3

പേര്: രചനാ ശിൽപശാല

ഉപമേഖല: മാതൃഭാഷയിലെ വിവിധശേഷികളുടെ വികാസം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടുവാൻ അവസരമൊരുക്കൽ, വായനാ സാമഗ്രികളുടെ നിർമ്മാണം. | കഥയരങ്ങ്, കവിതയരങ്ങ്, നൃത്തം രചനാ ശിൽപശാല എന്നിവ സംഘടിപ്പിക്കൽ, രൂപപ്പെടുന്ന ഉത്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ ക്ലാസ് മുറിയിലെ പഠന സാമഗ്രിയായി മേൽപറഞ്ഞ ഉൽപന്നങ്ങളെ ഉപയോഗിക്കൽ | മാസത്തിൽ ഒരു തവണ. |

പ്രവർത്തനം-4

പേര്: ദിനാചരണങ്ങൾ

ഉപമേഖല: സമഗ്ര വികാസം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| വിവിധ ശേഷികളുടെ വികാസം. | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം. |

പ്രവർത്തനം 5

പേര്: ഗണിത ലാബ് സജ്ജീകരിക്കൽ

മേഖല / ഉപമേഖല : അക്കാദമികം / ഗണിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ. ക്ലാസിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം |

പ്രവർത്തനം 6

പേര്: ഗണിത പാർക്ക്

മേഖല / ഉപമേഖല : അക്കാദമികം / ഗണിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം. |
|---|---|---|
| ഗണിതം മധുരതരമാക്കൽ. | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവിശ്യം |

പ്രവർത്തനം-7

പ്രവർത്തനത്തിന്റെ പേര്: പ്രതിഭാപോഷണ പരിപാടി

മേഖല/ഉപമേഖല: അക്കാദമികം /ശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികൾക്ക് വിദഗ്ധ പരിശീലനവും ക്ലാസുകളും നൽകൽ. | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസുകൾ ഒഴിവുദിനങ്ങളിൽ സംഘടിപ്പിക്കൽ. | അവധി ദിവസങ്ങളിൽ. |

പ്രവർത്തനം - 9

പേര് : മേളകൾ

മേഖല : ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
| --- | --- | --- |
| ശാസ്ത്രം പ്രവർത്തനമാണെന്ന് മനസിലാക്കുക | സ്കൂൾ തല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ, ഉപജില്ലാതലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവിശ്യം |

പ്രവർത്തനം - 10

പേര് : പഠനയാത്രകൾ

മേഖല/ഉപമേഖലകൾ : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
| --- | --- | --- |
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേയ്ക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ ഒരു പ്രാവശ്യം |

പ്രവർത്തനം - 11

പേര്: കലാബോധം

മേഖല/ഉപമേഖല: അക്കാദമികം/കലാ - വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
| --- | --- | --- |
| കലാവാസനകൾ പരിപോഷണം | നൃത്തം, സംഗീതം തുടങ്ങിയ കലകളുടെ പരിശീലനത്തിനായി കലാബോധം എന്ന പേരിൽ പരിശീലനകേന്ദ്രം. ആഴ്ചയിൽ ഒരു ദിവസം പരിശീലനം | ആഴ്ചയിൽ ഒരു ദിവസം |

പ്രവർത്തനം - 12

പേര്: ചിത്രരചന

മേഖല/ഉപമേഖല: അക്കാദമികം/കലാ - വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
| --- | --- | --- |
| ചിത്രരചനയിൽ പ്രാവീണ്യം നേടൽ | കുട്ടികൾക്കായി ആഴ്ചയിൽ ഒരു ദിവസം ചിത്രരചനാ പരിശീലനം. | ആഴ്ചയിൽ ഒരു ദിവസം. |

പ്രവർത്തനം - 13

പേര്: കായിക പരിശീലനം

മേഖല/ഉപമേഖല: അക്കാദമികം/കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
| --- | --- | --- |
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കായിക പരിശീലനം കുട്ടികൾക്ക് ലഘുഭക്ഷണം നൽകൽ<br>സുംബ പരിശീലനം<br>യോഗ പരിശീലനം | ആഴ്ചയിൽ രണ്ടു ദിവസം<br>തിങ്കൾ, വ്യാഴം<br>ചൊവ്വ, വെള്ളി |

പ്രവർത്തനം:-14

പേര്: കായിക താരങ്ങൾക്ക് സമ്മാനങ്ങൾ

മേഖല/ഉപമേഖല: അക്കാദമികം/കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
| --- | --- | --- |
| സമ്മാനം നൽകി ആദരിക്കൽ | സ്കൂൾ തലം, ഉപജില്ല തലം വിജയികൾക്ക് ക്യാഷ് അവാർഡും മെമന്റോയും നൽകൽ | ഓരോ തലത്തിലേയും മത്സരങ്ങൾക്കു ശേഷം |

പ്രവർത്തനം - 15

പേര്: പച്ചക്കറിത്തോട്ടം

മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
| --- | --- | --- |
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം |